46 (1009) പുറത്തുനിന്നു കൊണ്ടുവരുന്ന വിദേശ നിർമ്മിത വിദേശമദ്യം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേയ്ക്കു വിദേശനിർമ്മിത വിദേശമദ്യം കൊണ്ടുവരുന്നുണ്ടോ;

(ബി) എങ്കിൽ പ്രതിവർഷം ഇത്തരത്തിൽ എത്രമാത്രം മദ്യം കൊണ്ടുവരുന്നുണ്ട്;

(സി) ഇതിനുവേണ്ടിവരുന്ന ചെലവെത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദേശത്തുനിന്നും വരുന്നവർ സ്വന്ത ആവശ്യത്തിനായി നിയമാനുസൃതമായി വിദേശനിർമ്മിത വിദേശമദ്യം കൊണ്ടുവരുന്നുണ്ട്. ഡിപ്പാർട്ടുമെന്റ് തലത്തിലോ ബിവറേജസ് കോർപ്പറേഷനോ പ്രസ്തുത ഇനം വിദേശമദ്യം ഇറക്കുമതി ചെയ്യുന്നില്ല.

(ബി) ഇത്തരത്തിൽ കൊണ്ടുവരുന്ന മദ്യത്തിന്റെ കണക്കുകൾ ലഭ്യമല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

47 (1010) പുതിയ യൂണിറ്റുകൾ ആരംഭിക്കുന്ന നടപടി

ശ്രീ. ടി.എം. ജേക്കബ്

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ ബ്ലെണ്ടിംഗ് ആന്റ് ബോട്ട്ലിംഗ് യൂണിറ്റുകളും ബ്രൂവറികളും ആരംഭിക്കുന്നതിന് അനുവാദം നൽകുന്നതിന് മുൻപായി ഈ സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയാണ് ഇതിനു ചുമതലപ്പെടുത്തിയിരിക്കുന്നത്; പഠനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ ഇപ്പോൾ സ്വകാര്യ മേഖലയിലും സഹകരണമേഖലയിലുമായി എത്ര ഡിസ്റ്റിലറികൾ പ്രവർത്തിക്കുന്നുണ്ട്; ഈ ഡിസ്റ്റിലറികൾ അവയുടെ സ്ഥാപിത ശേഷിയുടെ എത്ര ശതമാനമാണ് ഉൽപ്പാദിപ്പിക്കുന്നത്;

(ഡി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഡിസ്റ്റിലറികൾ പുതിയ ലൈസൻസുകൾക്ക് അപേക്ഷിക്കാതിരുന്നതിന്റെ കാരണം സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(ഇ) അപേക്ഷ സമർപ്പിക്കാതിരുന്നതിന്റെ പേരിൽ എന്തെങ്കിലും വിശദീകരണം ബന്ധപ്പെട്ടവരിൽനിന്നും സർക്കാർ നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനു കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly